# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **01-07-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : T5451**

## കൊച്ചി എൽ.എൻ.ജി. ടെർമിനലിന്റെ പ്രവർത്തനം

**ചോദ്യം**

ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. ബി.ഡി.ദേവസ്സി
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. റ്റി.വി.രാജേഷ്

(എ) കൊച്ചി എൽ.എൻ.ജി. ടെർമിനലിന്റെ പ്രവർത്തനം ആരംഭിക്കാത്തത് എന്തു കൊണ്ടാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; പദ്ധതി നേരിടുന്ന പ്രതിസന്ധി എന്താണെന്ന് വെളിപ്പെടുത്താമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) കൊച്ചിയിലെ എൽ.എൻ.ജി. ടെർമിനൽ 2013 ആഗസ്റ്റ് മാസം മുതൽ പ്രവത്തനം ആരംഭിക്കുകയും 2014 ജനുവരി 4-ന് മുൻ പ്രധാനമന്ത്രി, ടെർമിനൽ രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് അതിന്റെ ഉൽപ്പാദനശേഷി താഴെപ്പറയുന്ന കാരണങ്ങളാൽ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കാത്തതിനാൽ വൻ സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

- കൊച്ചിയിൽ നിന്ന് മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കുമുള്ള പൈപ്പ് ലൈൻ പദ്ധതി നാട്ടുകാരുടെ എതിർപ്പു മൂലം തടസ്സപ്പെട്ടിരിക്കുന്നത്.
- കായംകുളം എൻ.ടി.പി.സി.യിലേക്ക് കടൽ മാർഗ്ഗമുള്ള പൈപ്പ് ലൈൻ പദ്ധതി തടസ്സപ്പെട്ടതുമൂലം.
- പൈപ്പ് ലൈൻ പൂർത്തീകരിക്കാത്ത കാരണത്താൽ മറ്റു ചെറുകിട / വൻകിട സ്ഥാപനങ്ങൾ എൽ.എൻ.ജി.യുടെ ഉപഭോഗത്തിൽ നിന്നും വിട്ടു നിൽക്കുന്നത്.
- കൊച്ചിയിൽ ലഭിക്കുന്ന എൽ.എൻ.ജി.യ്ക്ക് വൻവില നൽകേണ്ടി വരുന്നതിനാൽ ഫാക്ട് പോലെയുള്ള വൻ ഉപഭോക്താക്കൾ ഉപഭോഗം നിർത്തിവച്ചിരിക്കുന്നതിനാൽ.

| | | | |
|---|---|---|---|
| **(ബി)** | പദ്ധതി ലക്ഷ്യമിട്ട ഉല്പാദനവും നില വിലുള്ള സ്ഥിതിയും സംബന്ധിച്ച് വിശദമാക്കാമോ; പെട്രോനെറ്റ് ഇന്ത്യ പദ്ധതി പ്രവർത്തനം ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; പ്രകൃതി വാതകത്തിന്റെ പ്രധാന ഉപഭോക്താക്കൾ ഏതെല്ലാം സ്ഥാപനങ്ങളാണ്; എൽ.എൻ.ജി. വിതരണ സംവിധാനത്തിന്റെ നിജസ്ഥിതി വിശദമാക്കാമോ? | **(ബി)** | പ്രതിവർഷം 5 ദശലക്ഷം മെട്രിക് ടൺ എന്ന ഉദ്ദേശത്തോടെയാണ് പ്രസ്തുത ടെർമിനൽ പെട്രോനെറ്റ് എൽ.എൻ.ജി. കൊച്ചിയിൽ സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2008 ൽ തുടങ്ങി 2013 ൽ പദ്ധതി പ്രവർത്തന സജ്ജമാക്കുകയും ചെയ്തു. നിലവിൽ ബി.പി.സി.എൽ. റിഫൈനറി മാത്ര മാണ് ഉൽപ്പാദനക്ഷമതയുടെ 10% ഉപഭോഗം പ്രയോജനപ്പെടുത്തുന്നത്.<br><br>ഫാക്ട് എൽ.എൻ.ജി.യുടെ ഉപയോഗിച്ചു തുടങ്ങിയെങ്കിലും കൊച്ചിയിലെ എൽ.എൻ.ജി. യ്ക്ക് താരതമ്യേന ഉയർന്ന വില നൽകേണ്ടതിനാൽ അവർ തത്കാലം എൽ.എൻ.ജി.യുടെ ഉപയോഗം നിർത്തിവെച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ